**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2094** **14-10-2024 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിൽ നിലവിൽ കാലാവസ്ഥ വ്യതിയാനവുമായി നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊക്കെ സർക്കാർ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്, കാലാവസ്ഥ വ്യതിയാന പഠനകേന്ദ്രം (Institute for Climate Change Studies), കേരള സംസ്ഥാന കാലാവസ്ഥ വ്യതിയാന അനുരൂപീകരണ മിഷൻ (Kerala State Climate Change Adaptation Mission – KSCCAM) എന്നീ സ്ഥാപനങ്ങൾ കാലാവസ്ഥ വ്യതിയാനവുമായി നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളാണ്. |
| (ബി) | സംസ്ഥാന കാലാവസ്ഥ വ്യതിയാന ആക്ഷൻ പ്ലാൻ തയ്യാറാക്കിയ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പും ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് (ഐ.സി.സി.എസ്. ) എന്ന ശാസ്ത്ര ഗവേഷണ സ്ഥാപനവും നിലനിൽക്കെ പുതിയതായി സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ സ്ഥാപിക്കുന്നതിലേക്ക് നയിച്ച കാരണം വ്യക്തമാക്കാമോ; ഒരേ മേഖലയിൽ പ്രവർത്തിക്കുന്നതിനായി വിവിധ സ്ഥാപനങ്ങളും സംവിധാനങ്ങളും ഉണ്ടാക്കുന്നത് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത വരുത്തിവെക്കുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ ഒരു മിഷൻ നടപ്പിലാക്കുക ഒഴിച്ച് കൂടാനാവാത്ത കാര്യമാണെന്ന് കണക്കാക്കുന്നുണ്ടെങ്കിൽ അത് ഐ. സി. സി. എസ്. ന് കീഴിൽ നടപ്പിലാക്കുന്നത് ഉചിതമെന്ന് കരുതുന്നുണ്ടോ; | (ബി) | കാലാവസ്ഥ വ്യതിയാന അനുരൂപീകരണം സാധ്യമാക്കുന്നതിനും, കാലാവസ്ഥ വ്യതിയാന പ്രതിരോധ ശേഷി കൈവരിക്കുന്നതിനും പ്രത്യേകമായ സംവിധാനം ആവശ്യമാണ് എന്നത് 2018 ലെ പ്രളയ ശേഷം നടന്ന Post Disaster Needs Assessment Report ൽ ശുപാർശ ചെയ്തിട്ടുണ്ട്. മേൽ പ്രവർത്തനങ്ങൾ ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് ദുരന്ത പ്രതിരോധം കൂടി ഉൾക്കൊണ്ട് കൊണ്ട് ആകണം എന്നും ശുപാർശ ചെയ്തിട്ടുണ്ട്. Rebuild Kerala Development Programme ൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ കാലാവസ്ഥ വ്യതിയാനം കൂടി പരിഗണിച്ച് കൊണ്ട് സംസ്ഥാനത്തിന്റെ പൊതു അനുരൂപീകരണം, പ്രതിരോധ ശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള ശേഷി കൂടി കൈവരിക്കുവാൻ പ്രാപ്തമാക്കണം എന്ന് ശുപാർശ ചെയ്തിരുന്നു. ആയതിനാൽ സംസ്ഥാനം കാർബൺ ന്യൂട്രൽ ആക്കുന്നതിനും ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനും ഹരിത തൊഴിലുകളെ അടിസ്ഥാനമാക്കിയുള്ള ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയായി മാറ്റുന്നതിനുമുള്ള കാഴ്ചപാട് പ്രാവർത്തികമാക്കുന്നതിനാണ് കേരള സംസ്ഥാന കാലാവസ്ഥ വ്യതിയാന അനുരൂപീകരണ മിഷൻ (Kerala State Climate Change Adaptation Mission) രൂപീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | മിഷന്റെ പ്രതീക്ഷിത ഫലങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>• ഹരിത ഗൃഹ വാതകങ്ങളുടെ (Green House Gases) ബഹിർഗമനം കുറയ്ക്കുന്നതിനുള്ള ദീർഘകാല ലക്ഷ്യങ്ങളുമായി യോജിപ്പിച്ച് സാമ്പത്തിക വികസനം; ക്ലീനർ സാങ്കേതിക വിദ്യകളുടെ വിന്യാസം എന്നിവ വർദ്ധിപ്പിക്കുക<br>• മനുഷ്യവാസ കേന്ദ്രങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ഉപജീവനമാർഗ്ഗങ്ങൾ എന്നിവയ്ക്കുണ്ടാകുന്ന ദുരന്തം മൂലമുള്ള നഷ്ടം കുറയ്ക്കുന്നതിന് വർദ്ധിപ്പിച്ച പ്രതിരോധശേഷിയും കാര്യക്ഷമമായ കാലാവസ്ഥ വ്യതിയാന അനുരൂപീകരണ പ്രവർത്തനങ്ങളും വഴി ശേഷി വർദ്ധിപ്പിക്കുക.<br>• ഭക്ഷ്യ-ജല സുരക്ഷയും, പ്രതിരോധശേഷിയുള്ള മേഖലാ വിതരണ ശൃംഖലകളും (കൃഷി, ഹോർട്ടികൾച്ചർ മുതലായവ) നൽകിക്കൊണ്ട് വിഭവങ്ങളുടെ കാര്യക്ഷമമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുക, പ്രകൃതിയെ അടിസ്ഥാനമാക്കിയുള്ള പരിഹാര മാർഗ്ഗങ്ങളും സംയോജിത പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ആവാസവ്യവസ്ഥയുടെ സേവനങ്ങൾ പുന:സ്ഥാപിക്കുക<br>• ഹരിത ജോലികൾ സുസ്ഥിര ഉപജീവനമാർഗ്ഗങ്ങൾ എന്നിവയ്ക്കായി നൈപുണ്യവും പുനർ നൈപുണ്യ വികസനവും വളർത്തുക.<br>• കാലാവസ്ഥ വ്യതിയാന അനുരൂപീകരണ ധനസഹായം ലഭ്യമാക്കുക.<br><br>മേൽപ്പറഞ്ഞ ഫലങ്ങൾ ലഭിക്കുന്നതിന് ഒരു സ്വതന്ത്ര സംവിധാനം ആവശ്യമാണ് എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് മിഷൻ രൂപീകരിക്കപ്പെട്ടിട്ടുള്ളത്. മിഷന്റെ പ്രവർത്തനം ശാസ്ത്രസാങ്കേതിക വകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് സമാന്തരമായും പ്രവർത്തനങ്ങളിൽ ഇരട്ടിക്കൽ (duplication) വരാതെയുമാണ് എന്നത് പ്രത്യേകമായി ഉറപ്പു വരുത്തുന്നതിനാൽ ICCS – ന് കീഴിൽ കേരള സംസ്ഥാന കാലാവസ്ഥ വ്യതിയാന അനുരൂപീകരണ മിഷൻ നടപ്പാക്കേണ്ടതില്ല. |
| (സി) | സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷന്റെ നിലവിലെ ഘടന | (സി) | മുഖ്യമന്ത്രി ചെയർപേഴ്സൺ ആയ നയ തീരുമാനങ്ങൾ കൈകൊള്ളുന്ന മിഷൻ, നയ തീരുമാനങ്ങൾ |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ട ചുമതല വഹിക്കുന്ന എക്സിക്യൂട്ടീവ് കമ്മറ്റി, നയം അനുസരിച്ചുള്ള പദ്ധതികൾ നടപ്പാക്കുന്ന മിഷൻ കാര്യാലയം എന്നിങ്ങനെ ത്രിതല സംവിധാനത്തിലായിരിക്കും കേരള സംസ്ഥാന കാലാവസ്ഥ വ്യതിയാന അനുരൂപീകരണ മിഷൻ പ്രവർത്തിക്കുന്നത്. |
| (ഡി) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, സംസ്ഥാന എമെർജൻസി ഓപ്പറേഷൻസ് സെന്റർ തലവൻ എന്നീ ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥനെ തന്നെ മറ്റൊരു വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷന്റെ സ്റ്റേറ്റ് ചീഫ് റെസിലിയന്റ് ഓഫീസറായി നിയമിച്ചതിന് പിന്നിലുള്ള കാരണം വിശദീകരിക്കാമോ; കേരളത്തിൽ തുടർച്ചയായി പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്ന പശ്ചാത്തലത്തിൽ ദുരന്ത നിവാരണ അതോറിറ്റിയിൽ ആകെയുള്ള സ്ഥിരം ജീവനക്കാരനെ ഇങ്ങനെയൊരു അധിക ചുമതലയിൽ നിയമിക്കുന്നത് അനുചിതമാണെന്ന് വിലയിരുത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള സംസ്ഥാന കാലാവസ്ഥ വ്യതിയാന അനുരൂപീകരണ മിഷന്റെ പ്രവർത്തനങ്ങൾ കൃത്യമായും കാര്യക്ഷമമായും നടപ്പിലാക്കാൻ യോഗ്യതയുള്ള ഉദ്യോഗസ്ഥൻ വേണം എന്ന കാഴ്ചപ്പാടോടുകൂടിയും ഉദ്ദേശത്തോട്ട കൂടിയും കൂടിയുമാണ് ഈ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചു വരുന്ന ഡോ.ശേഖർ.എൽ. കുര്യാക്കോസിനെ മിഷന്റെ സി.ആർ.ഒ-യുടെ ചുമതല നൽകി നിയമിച്ചത്. |

സെക്ഷൻ ഓഫീസർ